കാസർഗോഡ് ജില്ലയിൽ കോടതികൾ അനുവദിക്കാൻ നടപടി

44 (T 7603) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി കോടതികൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മുൻഗണനാക്രമവും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 6-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം പ്രകാരം മുൻഗണന പട്ടികയിൽ നമ്പർ 1 ആയി കാസർഗോഡ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയും നമ്പർ 26-ആയി കാസർഗോഡ് ജില്ലയിലെ വെള്ളരികുണ്ടിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 17-4-2012-ലെ സ.ഉ. (സാധാ) നമ്പർ 1159/12/ആഭ്യന്തരം പ്രകാരം പുതുക്കിയ മുൻഗണനാ പട്ടികയനുസരിച്ച് നമ്പർ 1 ആയി കാസർഗോഡ് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ

45 (7604) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ എവിടെയെല്ലാം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ അപ്രകാരമൊരു കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കൊയിലാണ്ടി കോടതി ഇതിനായി പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് 3-6-2009-ലെ ജി.ഒ. (പി) 22/09/ SWD ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും Principal Sessions കോടതികളെ ഈ ആവശ്യത്തിലേക്ക് പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി എറണാകുളത്ത് ഒരു അഡീഷണൽ സെഷൻസ്

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കോടതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതേ രീതിയിൽ തിരുവനന്തപുരത്ത് അനുവദിച്ച കോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഒരു കോടതി കോഴിക്കോട് സ്ഥാപിക്കുവാൻ തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി & സി) കൊയിലാണ്ടിയിൽ കോടതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിക്കുകയും ഹൈക്കോടതി ഇക്കാര്യം പരിശോധിക്കുകയുമുണ്ടായി. ജില്ലാ ആസ്ഥാനങ്ങളിൽ കോടതി സ്ഥാപിക്കുന്നതായിരിക്കും ഉചിതമെങ്കിലും കോഴിക്കോട്നിന്നും കൊയിലാണ്ടി 22 കിലോമീറ്റർ അകലെ ആയതിനാലും കോഴിക്കോട്നിന്നും 3 കിലോമീറ്റർ മാത്രം അകലെയുള്ള ഇരഞ്ഞിപാലത്ത് അനുയോജ്യമായ കെട്ടിടം ലഭ്യവുമായ സാഹചര്യത്തിൽ കോടതി ഇരഞ്ഞിപാലത്ത് ആരംഭിക്കുവാൻ ഹൈക്കോടതി തീരുമാനമായിട്ടുണ്ട്.

കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ നടപടി

46 (7605) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കുമോ ;

(ബി) സമയബന്ധിതമായി കേസ്സുകൾ തീർപ്പാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകൾ തീർപ്പാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 31-3-2014-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ വിവിധ കോടതികളിലായി 1373305 കേസ്സുകൾ തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി & സി) കോടതികളിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിന്റെ എണ്ണം അധികരിച്ചതാണ് സമയബന്ധിതമായി കേസ്സുകൾ തീർപ്പാക്കാൻ കഴിയാതെ വന്നത്.

കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനായി ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താത്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. അവയിൽ മൂന്ന് കോടതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയിന്മേൽ ഹൈക്കോടതി നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly